പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3350 19.06.2019 ലെ മറുപടിയ്ക്ക്**

**എഞ്ചിനീയറിംഗ് കോളേജുകളെ അറിവിന്റെ കേന്ദ്രങ്ങളാക്കുവാനുള്ള പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എൻ.ഷംസുദ്ദീൻ** | | **ഡോ.കെ.ടി.ജലീൽ (ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളെ അറിവിന്റെ കേന്ദ്രങ്ങളാക്കുവാനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) & (ബി) | 13-ാം പഞ്ച വത്സര പദ്ധതി കാലയളവിൽ സംസ്ഥാനത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ ഉൾപ്പെടുത്തി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ ഇന്റർ ഡിസിപ്ലിനറി റിസർച്ച് സെന്ററുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ റോബോട്ടിക്സ് & ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നോഡൽ സെന്ററും കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സെന്റർ ഫോർ എക്സലൻസ് ഇൻ സിസ്റ്റംസ്, എനർജി & എൻവയോൺമെന്റും പ്രവർത്തിച്ചു വരുന്നുണ്ട്. CET-SAT വിക്ഷേപണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു.<br><br>ഈ വർഷത്തെ ബഡ്ജറ്റിൽ തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്ന മേഖലയിലെ ഗവേഷണങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് ഒരു ഹൈ പെർഫോർമൻസ് കമ്പ്യൂട്ടിംഗ് കേന്ദ്രം ആരംഭിക്കുവാനുള്ള തുക വകയിരുത്തിയിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് പ്രോഡക്ട് ഡിസൈൻ ഡെവലപ്മെന്റ് സെന്ററും സ്ഥാപിച്ച് പ്രവർത്തിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>മറ്റ് കോളേജുകളിലും അറിവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ പ്രാരംഭാവസ്ഥയിലാണ്.<br><br>ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 'അസാപ്' |
| (ബി) | ഉണ്ടെങ്കിൽ ഇതിനായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | തദ്ദേശ സ്വയം ഭരണ, വ്യവസായ സ്ഥാപനങ്ങളുമായി സഹകരിച്ച് വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് ലഭ്യമാക്കുവാനുള്ള ഒരു വെബ് പോർട്ടൽ ഈ അക്കാദമിക് വർഷം ആരംഭിച്ചിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഗവേഷണം തദ്ദേശ സ്വയംഭരണ വകുപ്പുമായി സഹകരിച്ച് പദ്ധതി തയ്യാറാക്കൽ, കൺസൾട്ടൻസി, വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ്, പ്രോജക്ടുകൾ തുടങ്ങിയവയ്ക്ക് എഞ്ചിനീയറിംഗ് കോളേജുകളെ നോഡൽ ഏജൻസികളാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി സ്റ്റാർട്ട്-അപ്പ് മിഷനുമായി സഹകരിച്ച് കോളേജുകളിലെ എന്റർപ്രണർഷിപ്പ് സെല്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**